## പതിനാലാം കേരള നിയമസഭ
### ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 253.

28.06.2016 - ൽ മറുപടിയ്ക്ക്.

### പേരുകളും പരസ്യവാചകങ്ങളും.

ചോദ്യം
ശ്രീ. എം.ഉമ്മർ.

ഉത്തരം
ശ്രീ. പി.തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും
ഉപഭോക്തൃസംരക്ഷണവും ലീഗൽ മെട്രോളജിയും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഭക്ഷ്യ വിഭവ ഉപഭോക്താക്കളെ തെറ്റിദ്ധരിപ്പിയ്ക്കുന്ന രീതിയിലുള്ള പേരുകളും പരസ്യവാചകങ്ങളും നിരന്തരം പ്രസിദ്ധപ്പെടുത്തി അവരെ വഞ്ചിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ( എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം കേസുകളിൽ സർക്കാരിന് സ്വമേധയാ നടപടികൾ സ്വീകരിക്കുന്നതിന് 2006 ലെ ഫുഡ് സെക്യൂരിറ്റി ആന്റ് സ്റ്റാൻഡേർഡ് ആക്ട് വ്യവസ്ഥകൾ അനുവദിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | ഇത്തരം കേസുകളിൽ 2006 ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാരനിയമവും അനുബന്ധ ചട്ടങ്ങളും പ്രകാരം (സെക്ഷൻ 53 (2.3.1.(5)) FSS Rules (Packaging and Labelling)) തെറ്റിദ്ധരിപ്പിയ്ക്കുന്ന പരസ്യങ്ങൾ നല്കുന്ന സ്ഥാപനങ്ങൾ / കമ്പനികൾ/ വ്യക്തികൾ എന്നിവർക്കെതിരെ കുറ്റക്കാരാണെന്ന് കണ്ടെത്തിയാൽ പത്ത് ലക്ഷം രൂപ വരെ പിഴയീടാക്കുന്നതിനും മറ്റു നിയമാനുസൃത നടപടികൾ സ്വീകരിയ്ക്കുന്നതിനും വ്യവസ്ഥകൾ അനുവദിയ്ക്കുന്നുണ്ട്. |
| (സി) | ഈ വർഷം ഇത്തരം കമ്പനികൾ/വ്യക്തികൾക്കെതിരെയുള്ള അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (സി) | ഇത്തരം പരാതികളുടെ അടിസ്ഥാനത്തിൽ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ നിരവധി സ്ഥാപനങ്ങൾക്കെതിരെ പ്രാരംഭ നടപടി എന്ന രീതിയിൽ നോട്ടീസ് നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ